# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6135** 02.04.2018-ൽ **മറുപടിക്ക്**

## വൈദ്യുതി ആവശ്യകത

| | ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പവർ സർവ്വെ പ്രകാരം 2017-18 ൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത എത്രയായിരുന്നു; | (എ) | കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 19-ാം ഇലക്ട്രിക് പവർ സർവ്വെ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ വൈദ്യുത ആവശ്യകത 25480 ദശലക്ഷം യൂണിറ്റ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | ഈ ആവശ്യകത പൂർണ്ണമായും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതികളിലൂടെ നിറവേറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | 2017-18 വർഷത്തിൽ എന്നല്ല മുൻകാലങ്ങളിലും അതുപോലെ സമീപ ഭാവിയിലും സംസ്ഥാനത്തിനുള്ളിൽ മാത്രം നടപ്പാക്കുന്ന പദ്ധതികളെ മാത്രം ആശ്രയിച്ച് വൈദ്യുത ആവശ്യകത നിറവേറ്റാനാകില്ല. നിലവിൽ ആവശ്യകതയുടെ കുറഞ്ഞത് 70 % എങ്കിലും അന്യസംസ്ഥാന നിലയങ്ങളിൽ നിന്ന് ലഭ്യമാക്കുന്നു. വലിയശേഷിയുള്ള പദ്ധതി ആഭ്യന്തരമായി നടപ്പാക്കാനായില്ല എങ്കിൽ തൽസ്ഥിതിയിൽ വലിയ മാറ്റമില്ലാതെ തുടരും. |

സെക്ഷൻ ഓഫീസർ